പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 350

# കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ, 2010

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 350

# കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ, 2010

638/2010.

# കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ, 2010

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലുള്ള കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ നിശ്ചിത വ്യാപ്തിയുള്ള ഭൂമി കേരള സർക്കാർ വീണ്ടെടുക്കൽ വഴി ഏറ്റെടുക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1877, ജൂലൈ 11-ാം തീയതി അന്നത്തെ പൂഞ്ഞാർ ചീഫ് അന്തരിച്ച ജോൺ ഡാനിയേൽ മൺറോവിന് ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലുള്ള കണ്ണൻ ദേവൻ ഹിൽസിലെ മുഴുവൻ റവന്യൂ വില്ലേജും ഉൾപ്പെടുന്ന ഭൂമികൾ കാപ്പി കൃഷിക്കായി പാട്ടത്തിന് കൈമാറ്റം ചെയ്തിരുന്നതിനാലും ;

പാട്ടം കൊടുത്തയാളുടെ അവകാശവും ഉടമാവകാശവും അവകാശബന്ധവും മുൻ തിരുവിതാംകൂർ സർക്കാർ സ്വായത്തമാക്കിയിരുന്നതിനാലും ;

അപ്രകാരമുള്ള സ്വായത്തമാക്കലിലൂടെ ഭൂമി, മുൻ തിരുവിതാംകൂർ സർക്കാരിന്റെ വകയായി തീർന്നിട്ടുള്ളതിനാലും ;

കേരള സർക്കാർ, മുൻ തിരുവിതാംകൂർ സർക്കാരിന്റെ പിൻഗാമി ആയിത്തീർന്നിട്ടുള്ളതിനാലും ;

1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) ആക്റ്റ് (1971-ലെ 5) മുഖേന ആ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, ഒഴിവാക്കിയിട്ടുള്ളതോ അല്ലെങ്കിൽ അന്നത്തെ പാട്ടക്കാരന് തിരിച്ചു നൽകിയിട്ടുള്ളതോ ആയ ഭൂമി ഒഴികെ, കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ കൈവശാവകാശം എല്ലാ ബാദ്ധ്യതകളിൽ നിന്നും വിമുക്തമായി കൈമാറ്റം ചെയ്യപ്പെട്ട് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതും, അപ്രകാരമുള്ള ഭൂമികളെ സംബന്ധിച്ച് ഒറ്റിക്കാരുടെയും ബാദ്ധ്യത കൈവശക്കാരുടെയും അവകാശങ്ങൾ ഉൾപ്പെടെ പാട്ടക്കാരുടെയും മറ്റെല്ലാ വ്യക്തികളുടെയും അവകാശവും ഉടമാവകാശവും അവകാശബന്ധവും ഇല്ലാതായിട്ടുള്ളതിനാലും ;

1971-ലെ 5-ാം ആക്റ്റ് മുഖേന കൈവശാവകാശം പാട്ടക്കാരന്, അതായത്, കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനി ലിമിറ്റഡിന് തിരിച്ചു നൽകിയതായി നിലനിൽക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി, ഇപ്പോൾ ടാറ്റാ റ്റീ കമ്പനിയുടെ കൈവശത്തിലിരിക്കുന്നതിനാലും പ്രസ്തുത ഭൂമിയുടെ ഉടമാവകാശ രേഖകൾ കൈവശമുള്ള ഉടമസ്ഥൻ ഇപ്പോഴും കേരള സർക്കാർ ആയതിനാലും ;

മൂന്നാറിൽ സ്ഥിതി ചെയ്യുന്ന, പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി, കേരള സർക്കാരിന്, ആ പ്രദേശത്തെ ടൂറിസം വികസനമെന്ന തദ്ദേശവാസികളുടെ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്നതിനും ഒരു വിനോദ സഞ്ചാര മേഖല സ്ഥാപിക്കുന്നതിനും ആവശ്യമായതിനാലും ;

കേരള സർക്കാർ വീണ്ടെടുക്കൽ വഴി പ്രസ്തുത ഭൂമിയുടെ കൈവശം, ഏറ്റെടുത്ത് പൊതു ജനങ്ങളുടെ താൽപര്യം നടപ്പാക്കി എന്ന് ഉറപ്പുവരുത്തുന്നതിന് പൊതു താൽപര്യത്തിന് യുക്തമായിരിക്കുന്നതിനാലും ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തി ഒന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ജൂൺ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''കളക്ടർ'' എന്നാൽ ഇടുക്കി ജില്ലാ കളക്ടർ അഥവാ ഈ ആക്റ്റ് പ്രകാരം കളക്ടറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും, സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം നിയമിക്കാവുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(ബി) ''കമ്മീഷണർ'' എന്നാൽ 6-ാം വകുപ്പുപ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി നിയമിച്ച കമ്മീഷണർ എന്നർത്ഥമാകുന്നു ;

(സി) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ഡി) ''പാട്ടക്കാരൻ'' എന്നാൽ അന്തരിച്ച ജോൺ ഡാനിയേൽ മൺറോയോ അല്ലെങ്കിൽ അയാൾ മുഖേന അവകാശമുന്നയിക്കുന്നതോ അയാളുടെ അവകാശ ബന്ധമുള്ള ഏതെങ്കിലും പിൻഗാമികളുടെ കീഴിലോ അഥവാ അവർ മുഖേനയോ അവകാശം ഉന്നയിക്കുന്നതോ ആയ ഏതെങ്കിലും ആൾ എഴുതികൊടുത്ത ഒരു പ്രമാണം മുഖേന അങ്ങനെയുള്ള കൈവശത്തിന് അധികാരം സിദ്ധിച്ച, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിക്ക് തൊട്ട് മുൻപ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി കൈവശമുണ്ടായിരുന്ന ഒരു വ്യക്തി എന്നർത്ഥമാകുന്നു ;

(ഇ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(എഫ്) ''പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി'' എന്നാൽ ഈ ആക്റ്റിൽ ചേർത്തിട്ടുള്ള പട്ടികയിൽ പ്രത്യേകം വിവരിച്ചിട്ടുള്ള, ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ സ്ഥിതി ചെയ്യുന്ന ഭൂമി എന്നർത്ഥമാകുന്നു.

3. പട്ടികയിൽ ചേർത്തിട്ടുള്ള ഭൂമി വിണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ ഉത്തരവിലോ ഏതെങ്കിലും കരാറിലോ മറ്റ് പ്രമാണങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും പട്ടികയിൽ ചേർത്തിട്ടുള്ള ഭൂമിയുടെ കൈവശാവകാശം എല്ലാ ബാദ്ധ്യതകളിൽ നിന്നും വിമുക്തമായി കൈമാറ്റം ചെയ്യപ്പെട്ട് സർക്കാരിൽ നിക്ഷിപ്തമാകുന്നതും അപ്രകാരമുള്ള ഭൂമിയെ സംബന്ധിച്ച് ഒറ്റിക്കാരും ബാദ്ധ്യത കൈവശക്കാരും ഉൾപ്പെടെ പാട്ടക്കാരനും മറ്റെല്ലാ വ്യക്തികൾക്കും ഉള്ള അവകാശവും ഉടമാവകാശവും അവകാശബന്ധവും ഇല്ലാതാകുന്നതുമാണ്.

4. നിക്ഷിപ്തമാക്കലിന്റെ പൊതുവായ ഫലം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ ഉത്തരവിലോ അല്ലെങ്കിൽ പ്രകടമായതോ വ്യംഗ്യമായതോ ആയ ഏതെങ്കിലും കരാറുകളിലോ, മറ്റ് ഏർപ്പാടുകളിലോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയെ സംബന്ധിച്ച് അടങ്ങിയിട്ടുള്ള ഏതെങ്കിലും വ്യവസ്ഥ അങ്ങനെയുള്ള പ്രാരംഭം മുതൽ അവസാനിച്ചതായി കരുതപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യത്തിന് തൊട്ട് മുൻപ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്ന അതിന്റെ ചുമതലയുണ്ടായിരുന്ന എല്ലാ വ്യക്തികളും അങ്ങനെയുള്ള പ്രാരംഭം മുതൽ അവരുടെ നിയന്ത്രണത്തിന്റെ ചുമതല ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

(3) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി, എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്നു മുതൽക്കും സർക്കാർ ഭൂമിയായി കരുതപ്പെടേണ്ടതും അത് പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതുമാണ്.

5. നഷ്ടപരിഹാരം നൽകൽ.—(1) പാട്ടക്കാരൻ കൈവശാവകാശം സ്വായത്തമാക്കിയ തീയതി മുതൽ 3-ാം വകുപ്പുപ്രകാരം സർക്കാർ വീണ്ടെടുക്കൽ വഴി ഏറ്റെടുത്ത തീയതിവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ പാട്ടക്കാരൻ നടത്തിയിട്ടുള്ള ഏത് ദേഹണ്ഡങ്ങൾക്കും, ഏതെങ്കിലും ആളിന് സിദ്ധിച്ചിരിക്കാവുന്ന ഏതെങ്കിലും അവകാശ ബന്ധത്തിന്റെ മൂല്യത്തിനും (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള താഴെ പറയുന്ന തത്വങ്ങൾക്കനുസൃതമായി, അങ്ങനെയുള്ള ആളിന് നഷ്ടപരിഹാരമായി ഒരു തുക സർക്കാർ നൽകേണ്ടതാണ്.

(2) നഷ്ടപരിഹാരം നൽകുന്നതിന് പാലിക്കേണ്ട തത്വങ്ങൾ ഇനിപറയുന്ന വയാണ്:—

(എ) ഭൂമിയിലോ അതിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും കെട്ടിടത്തിലോ നടത്തിയിട്ടുള്ള ഏതെങ്കിലും ദേഹണ്ഡം സംബന്ധിച്ച്, അങ്ങനെയുള്ള ദേഹണ്ഡത്തിന്റെ മൂല്യം ആ സമയത്ത് നിലവിലുള്ള നിരക്കിലായിരിക്കുന്നതാണ്.

(ബി) കെട്ടിടങ്ങളുടെ വില ഇനത്തിൽ, പരമാവധി അൻപത് ശതമാനം എന്നതിന് വിധേയമായി വർഷംതോറും അഞ്ച് ശതമാനം എന്ന നിരക്കിൽ വിലയിടിവ് കണക്കാക്കാവുന്നതാണ് ;

(സി) സിദ്ധിച്ചിരിക്കാവുന്ന ഏതെങ്കിലും അവകാശബന്ധത്തിന്, അതിന്റെ മൂല്യം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കണക്കാക്കാവുന്നതാണ്.

6. നഷ്ടപരിഹാരം നൽകുന്നതിനുള്ള കമ്മീഷണർ.—5-ാം വകുപ്പുപ്രകാരം നഷ്ട പരിഹാരം നൽകേണ്ട ആവശ്യത്തിലേക്കായി ലാന്റ് റവന്യൂ ഡെപ്യൂട്ടി കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നഷ്ടപരിഹാരം നൽകുന്നതിനുള്ള കമ്മീഷണറായി ഗസറ്റ് വിജ്ഞാപനംവഴി സർക്കാർ നിയമിക്കേണ്ടതാണ്.

7. കമ്മീഷണർ മുമ്പാകെ അവകാശങ്ങൾ ഉന്നയിക്കണമെന്ന്.—(1) 5-ാം വകുപ്പ് പ്രകാരം നഷ്ടപരിഹാരത്തിന് അവകാശമുള്ള ഏതൊരാളും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ഒരു മാസത്തിനകമോ അല്ലെങ്കിൽ സർക്കാർ നിശ്ചയിച്ചേക്കാവുന്ന അപ്രകാരമുള്ള ദീർഘിപ്പിച്ചതും എന്നാൽ രണ്ടുമാസത്തിൽ കവിയാത്തതുമായ കാലയള വിനുള്ളിലോ, കമ്മീഷണറുടെ മുൻപാകെ അവകാശവാദം ഉന്നയിക്കേണ്ടതാണ്.

(2) കമ്മീഷണർ, അങ്ങനെയുള്ള അവകാശവാദം ബന്ധപ്പെട്ട വിശദാംശങ്ങൾ സഹിതം പരിശോധിക്കേണ്ടതും ബാധിക്കുന്ന ആളിന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം നഷ്ടപരിഹാരം നൽകേണ്ട തത്വങ്ങൾ ഉപയോഗിച്ച് നൽകേണ്ടതായ തുക തീരുമാനിച്ച് നിർണ്ണയിക്കപ്പെട്ട രീതിയിൽ അങ്ങനെയുള്ള തുക നൽകേണ്ടതുമാണ്.

(3) കമ്മീഷണർക്ക്, നഷ്ടപരിഹാരം നൽകുന്നതിൽ തന്റെ അധികാരം വിനിയോ ഗിക്കുമ്പോഴുണ്ടാകുന്ന എല്ലാ കാര്യങ്ങളുടെയും നടപടിക്രമങ്ങൾ സ്വമേധയാ ക്രമീകരി ക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും ഈ ആക്റ്റിൻകീഴിൽ ഏത് അന്വേഷണം നടത്തുന്നതിന്റെയും ആവശ്യത്തിനുവേണ്ടി താഴെ വിവരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമത്തിൽ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അതേ അധികാര ങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുകയും ഹാജരാകാൻ നിർദ്ദേശി ക്കുകയും പ്രതിജ്ഞാവാചകം ചൊല്ലി വിസ്തരിക്കുകയും ചെയ്യുന്നതിന് ;

(ബി) ഏതെങ്കിലും പ്രമാണമോ അല്ലെങ്കിൽ തെളിവായി ഹാജരാക്കാവുന്ന മറ്റേതെങ്കിലും വസ്തുവോ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ;

(സി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി ഏതെങ്കിലും കമ്മീഷനെ നിയോഗിക്കുന്നതിന് ;

(ഡി) നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള മറ്റ് കാര്യങ്ങൾക്ക്.

8. കമ്മീഷണറുടെ ഉത്തരവിനെതിരെയുള്ള അപ്പീൽ.—7-ാം വകുപ്പുപ്രകാരം കമ്മീഷണറുടെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും അവകാശവാദിക്ക് അത്തരത്തിലുള്ള ഉത്തരവിനെതിരെ അപ്രകാരമുള്ള ഉത്തരവിന്റെ പകർപ്പ് ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ സർക്കാരിന് മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

9. ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ കൈവശമുള്ള ആളുകളെ ഒഴിപ്പിക്കൽ.—(1) കളക്ടർക്കോ അല്ലെങ്കിൽ അദ്ദേഹം അതിലേക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, 3-ാം വകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി കൈവശപ്പെടുത്തിയ ഏതൊരാളെയും സമ്മറിയായി ഒഴിപ്പിക്കാവുന്നതാണ്.

(2) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കളക്ടർക്കോ (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപ്രകാരമുള്ള ഒഴിപ്പിക്കലിന്റെ ആവശ്യത്തിലേക്കായി, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന ബലം ഉപയോഗിക്കാവുന്നതാണ്.

10. ആക്റ്റിന്റെ അതിപ്രഭാവം.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ വ്യവസ്ഥകൾക്ക്, അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമംമൂലം പ്രഭാവം ലഭിച്ച ഏതെങ്കിലും കരണത്തിലോ അല്ലെങ്കിൽ ഏതെങ്കിലും ഡിക്രിയിലോ ഏതെങ്കിലും കോടതിയുടെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഉത്തരവിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

11. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ, ചെയ്യാൻ വിട്ടുപോയിട്ടുള്ളതോ ആയ ഏതെങ്കിലും പ്രവൃത്തിക്കോ വിട്ടുപോകലിനോ സർക്കാരിനോ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ എതിരായി, യാതൊരു വ്യവഹാരമോ, ശിക്ഷാനടപടിയോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

12. സിവിൽ കോടതിയുടെ അധികാരിതയ്ക്കുള്ള വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ സർക്കാരോ സർക്കാരിന്റെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ

തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ തീർപ്പ് കൽപ്പിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം, തീരുമാനിക്കാനോ കൈകാര്യം ചെയ്യാനോ തീർപ്പാക്കാനോ യാതൊരു സിവിൽ കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

13. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുമൂലം വൈഷമ്യം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലയളവിന് ശേഷം അത്തരത്തിലുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

14. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശം നടപ്പിൽ വരുത്തുന്നതിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംമൂലം, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയും ചെയ്യുന്നതുമാകുന്നു ; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

15. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽവഴി ഏറ്റെടുക്കൽ) ഓർഡിനൻസ് (2010-ലെ 30) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

പട്ടിക

2 (എഫ്) വകുപ്പും 3-ാം വകുപ്പും കാണുക

| | സർവ്വേ വിവരം | | അതിരുകൾ | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സർവ്വേ നമ്പരും സബ്ഡിവിഷൻ നമ്പരും | വിസ്തീർണ്ണം (ഏക്കറിൽ) | കിഴക്ക് | തെക്ക് | പടിഞ്ഞാറ് | വടക്ക് |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1. | 339 ഭാഗം 2 | 58.03 | സർവ്വെ നമ്പർ 898 | തോട് | സർക്കാർ ഭൂമി, കുറ്റ്യാർ വാലി ഹൗസ് സൈറ്റ് | റോഡ് |
| 2. | 487 | 51.31 | കെ.എ.ബ്ലോക്ക് സർവ്വെ നമ്പർ 1114 | റോഡ് | സർവ്വെ നമ്പർ 893 | കെ.എ.ബ്ലോക്ക് സർവ്വെ നമ്പർ 1114 |
| 3. | 488 | 3.60 | സർവ്വെ നമ്പർ 487 | റോഡ് | സർവ്വെ നമ്പർ 487 | സർവ്വെ നമ്പർ 487 |
| 4. | 527 ഭാഗം | 183.55 | സർവ്വെ നമ്പരുകൾ 938, 319, 528, 936 | സർക്കാർ ഭൂമി, കുറ്റ്യാർവാലി ഹൗസ് സൈറ്റ് | തോട് സർവ്വെ നമ്പർ 628 | പുൽപ്രദേശവും തോടും |
| 5. | 604 | 96.34 | സർവ്വെ നമ്പരുകൾ 628, 609 | സർവ്വെ നമ്പരുകൾ, 109, 108 | സർവ്വെ നമ്പർ 55 572 | തോട് |
| 6. | 622 ഭാഗം | 64.45 | തേയിലതോട്ടം | മൂന്നാർ-സൈലന്റ് വാലി റോഡ് | സർക്കാർ ഭൂമി | സർവ്വെ നമ്പർ 527 |
| 7. | 628 | 103.98 | സർവ്വെ നമ്പർ 527 | സർവ്വെ നമ്പരുകൾ 609, 622 | സർവ്വെ നമ്പരുകൾ 604, 686 | സർവ്വെ നമ്പരുകൾ 686, 1023 |
| 8. | 893 | 12.50 | സർവ്വെ നമ്പരുകൾ 894, 487 | റോഡ് | റോഡ് | സർവ്വെ നമ്പർ 932 |
| 9. | 894 | 8.20 | സർവ്വെ നമ്പർ 487 | റോഡ് | സർവ്വെ നമ്പർ 893 | സർവ്വെ നമ്പർ 487 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 10. | 898 | 64.20 | സർവ്വെ നമ്പർ 495 | തോട് | സർവ്വെ നമ്പർ 339/2 | റോഡ് |
| 11. | 336 | 1.87 | സർവ്വെ നമ്പർ 527 ഭാഗം | സർവ്വെ നമ്പർ 527 ഭാഗം 62/7 | സർവ്വെ നമ്പർ 527 ഭാഗം | സർക്കാർ ഭൂമി |
| 12. | 609 | 76.09 | സർവ്വെ നമ്പരുകൾ 622, 615 | മൂന്നാർ– സൈലന്റ് വാലി റോഡ് | സർവ്വെ നമ്പരുകൾ 614, 572, 604 | സർവ്വെ നമ്പർ 628 |
| 13. | 615 | 2.92 | സർവ്വെ നമ്പർ 609 | സർക്കാർ ഭൂമി | സർവ്വെ നമ്പർ 609 | സർവ്വെ നമ്പർ 609 |
| 14. | 572 ഭാഗം | 29.05 | സർവ്വെ നമ്പർ 609 | സർവ്വെ നമ്പരുകൾ 613, 609 | തേയിലതോട്ടം | സർവ്വെ നമ്പർ 604 |
| 15. | 613 | 9.84 | സർവ്വെ നമ്പർ 614 | മൂന്നാർ– സൈലന്റ് വാലി റോഡ് | തേയിലതോട്ടം | തേയിലതോട്ടം |
| 16. | 629 | 94.80 | സർക്കാർ ഭൂമി | മൂന്നാർ– ദേവികുളം റോഡ് (എൻഎച്ച് 49) | മൂന്നാർ– ദേവികുളം റോഡ് (എൻഎച്ച് 49) | മൂന്നാർ– സൈലന്റ് വാലി റോഡ് |
| 17. | 1022 | 2.60 | സർവ്വെ നമ്പർ 527 | സർവ്വെ നമ്പർ 527 | സർവ്വെ നമ്പർ 1023 | പുൽപ്രദേശം |
| 18. | 1023 | 13.90 | സർവ്വെ നമ്പരുകൾ 527, 1022 | സർവ്വെ നമ്പർ 628 | സർവ്വെ നമ്പർ 685 | മാട്ടുപ്പെട്ടി റോഡ് |
| 19. | 611 | 2.70 | സർവ്വെ നമ്പർ 629 | സർവ്വെ നമ്പർ 629 | തേയിലതോട്ടം | മൂന്നാർ– സൈലന്റ് വാലി റോഡ് |
| 20. | 614 | 1.53 | സർവ്വെ നമ്പർ 609 | മൂന്നാർ– സൈലന്റ് വാലി റോഡ് | സർവ്വെ നമ്പർ 613 | സർവ്വെ നമ്പർ 609 |
| 21. | 248 ഭാഗം | 37.00 | സർവ്വെ നമ്പരുകൾ 62/6, 160 | കടകളും വാസ ഗൃഹവും | കടകളും വാസ ഗൃഹവും | സർവ്വെ നമ്പരുകൾ 248 ഭാഗം, 151, 161 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 22. | 160 ഭാഗം | 11.00 | മൂന്നാർ മറയൂർ റോഡ് | സർവ്വെ നമ്പർ 62/6 | സർവ്വെ നമ്പർ 248 | സർവ്വെ നമ്പർ 160 ഭാഗം |
| 23. | 62 6 | 16.65 | മൂന്നാർ മറയൂർ റോഡ് | മുസ്ലീംപള്ളി | സർവ്വെ നമ്പർ 248 | സർവ്വെ നമ്പരുകൾ 248, 160 |
| 24. | 55 13 ഭാഗം | 57.85 | സർവ്വെ നമ്പർ 916 | സർവ്വെ നമ്പരുകൾ 63, 842, 841 | നദി | സർവ്വെ നമ്പർ 555 ഭാഗം |
| 25. | 61 6 ഭാഗം | 5.00 | എൻഎച്ച് 49 | 61/7 | 61/3 | 62/1 എ |
| 26. | 62/5എ 2 | 0.1179 | 62/7 | 62/5എ1 | 62/5എ3 മൂന്നാർ–നല്ലതാന്നി റോഡ് | 62/7 |
| 27. | 62/5എ 3 | 0.1504 | 62/5എ1 | 62/3എ ഭാഗം 11/4 | 64/4 | 62/5എ1 |
| 28. | 62/3എ ഭാഗം | 62/5എ3 | 62/3എ ഭാഗം | 62/5എ3 | .. | .. |
| 29. | 62/12 ബി3 | 7.30 | 13എ | 62/12എ | 62/10എ, 62/12എ | മൂന്നാർ–ദേവികുളം റോഡ് |
| 30 | 62/13 എ | 4.53 | 62/12ബി/2 | 62/12ബി 62/12എ | 62/12ബി/4 | മൂന്നാർ–ദേവികുളം റോഡ് |
| 31 | 62/12 ബി4 | 12.00 | 62/14/എ 62/12ബി | 62/12ബി 62/12എ | 63/13എ റോഡ് 62/123 | മൂന്നാർ–ദേവികുളം |
| 32 | 62/11 എ | 2.43 | 62/12എ | 62/12എ | 63/12/എ | 62/12/ ബി3 |
| 33 | 62/3 സി | 1.46 ഏക്കർ | നല്ലതാന്നി റോഡ് (62/5എ6) | 62/3ബി | നല്ലതാന്നി റോഡ് (62/5എ6) | 62/1എ |
| 34 | 61/18 | 11.84 ഏക്കർ | 61/19 | മൂന്നാർ നദി | 62/12എ | 61/19 ഭാഗം |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 35 | 62/4 | 50 സെന്റ് (റോഡ് ഒഴികെ) | റോഡ് (62/5എ1) | 62/4-ൽ സർക്കാർ ഭൂമി | നല്ലതാന്നി നദി | മൂന്നാർ-ജനറൽ ഹോസ്പിറ്റൽ റോഡിന് തെക്കുവശമുള്ള കെട്ടിടങ്ങൾ |
| 36 | 62/6 ഭാഗം | 16 ഏക്കർ (മുസ്ലീംപള്ളി പ്രദേശം ഒഴികെ) | മൂന്നാർ-മറയൂർ റോഡ് | സർവ്വേ നമ്പർ 248 | 62/6 ഭാഗം | മൂന്നാർ-നല്ലതാന്നി റോഡ് |
| 37 | 61/6 ഭാഗം | 4 ഏക്കർ (ഫുട്ബാൾ മൈതാനം) | ദേശീയ പാത (61/6 ഭാഗം) | റോഡ് | സിനിമ ഹൗസ് (61/6 ഭാഗം) | ഹൈറേഞ്ച് പബ്ലിക് സ്കൂളും എസ്റ്റേറ്റ് സ്റ്റാഫ് യൂണിയൻ ഓഫ് സൗത്ത് ഇൻഡ്യ ഓഫീസും (61/6 ഭാഗം) |
| 38 | 61/6 ഭാഗം | 3.7 ഏക്കർ | റോഡ് | 61/6ഉം 61/3ഉം ഭാഗം | 61/6 ഹെഡ്മാസ്റ്റേഴ്സ് ക്വാർട്ടർ | 61/6 ഭാഗം |
| | ആകെ | 1073.50 ഏക്കർ | | | | |

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1877 ജൂലൈ 11-ാം തീയതി അന്നത്തെ പൂഞ്ഞാർ ചീഫ് അന്തരിച്ച ജോൺ ഡാനിയേൽ മൺറോവിന് ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലുള്ള കണ്ണൻ ദേവൻ ഹിൽസിലെ മുഴുവൻ റവന്യൂ വില്ലേജും ഉൾപ്പെടുന്ന ഭൂമി കാപ്പികൃഷിക്കായി പാട്ടത്തിന് കൈമാറ്റം ചെയ്തിരുന്നു. പാട്ടം കൊടുത്തയാളുടെ അവകാശവും ഉടമാവകാശവും അവകാശബന്ധവും മുൻ തിരുവിതാംകൂർ സർക്കാർ സ്വായത്തമാക്കുകയും അതുവഴി ഭൂമി മുൻ തിരുവിതാംകൂർ സർക്കാരിന്റെയും ആ സർക്കാരിന്റെ പിൻഗാമിയായ കേരള സർക്കാരിന്റെയും വകയായിത്തീരുകയും ചെയ്തു.

1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) ആക്റ്റ് (1971-ലെ 5) മുഖേന ആ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കിയിട്ടുള്ളതോ അല്ലെങ്കിൽ അന്നത്തെ പാട്ടക്കാരന് തിരിച്ചു നൽകിയിട്ടുള്ളതോ ആയ ഭൂമി ഒഴികെ, കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ സ്ഥിതിചെയ്യുന്ന ഭൂമിയുടെ കൈവശാവകാശം എല്ലാ ബാദ്ധ്യതകളിൽ നിന്നും വിമുക്തമായി കൈമാറ്റം ചെയ്യപ്പെട്ട് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതും അപ്രകാരമുള്ള ഭൂമികളെ സംബന്ധിച്ച് ഒറ്റിക്കാരുടെയും ബാദ്ധ്യത കൈവശക്കാരുടെയും അവകാശങ്ങൾ ഉൾപ്പെടെ പാട്ടക്കാരുടെയും മറ്റെല്ലാ വ്യക്തികളുടെയും അവകാശവും ഉടമാവകാശവും അവകാശബന്ധവും ഇല്ലാതായിട്ടുള്ളതുമാകുന്നു.

1971-ലെ 5-ാം ആക്റ്റ് മുഖേന കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനി ലിമിറ്റഡിന് തിരിച്ചു നൽകിയിട്ടുള്ള പ്രസ്തുത ഭൂമിയുടെ കൈവശാവകാശം ഇപ്പോൾ ടാറ്റാ റ്റീ കമ്പനിയുടെ കൈവശത്തിലിരിക്കുന്നുവെങ്കിലും പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ഇപ്പോഴും കേരള സർക്കാരിൽ നിക്ഷിപ്തമാണ്.

മൂന്നാറിൽ നിലവിലുള്ള ഭൂപ്രദേശം വിനോദസഞ്ചാരികളുടെ ബാഹുല്യം താങ്ങാൻ കെല്പുള്ളതല്ലാത്തതിനാൽ ആ മേഖലയിലെ വിനോദസഞ്ചാര സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നത് ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതിനാൽ, അപ്രകാരം ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച് വിനോദസഞ്ചാരത്തിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകിക്കൊണ്ട് ഒരു വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ പ്രസ്തുത ഭൂമിയുടെ വിനിയോഗം ക്രമീകരിക്കുന്നതിന് സർക്കാരിന് ബാദ്ധ്യതയുണ്ടെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2010-ലെ 1601-ാം നമ്പർ റിട്ട് ഹർജിയിലെ ഉത്തരവിൽ നിരീക്ഷിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത ഭൂമിയുടെ, മൂന്നാറിൽ സ്ഥിതിചെയ്യുന്ന ടാറ്റാ റ്റീ കമ്പനിയുടെ കൈവശമുള്ള 1073.50 ഏക്കർ വിസ്തൃതിയുള്ള ഭാഗം, വിനോദസഞ്ചാര മേഖല സ്ഥാപിക്കുന്നതിനായി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കുന്നത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

കേരള നിയമസഭ സമ്മേളനത്തിലല്ലാത്തിനാലും മേൽപ്പറഞ്ഞ നിർദ്ദേശം ഉടനടി പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതിനാലും 2010 ജൂൺ 12-ാം തീയതി കേരള ഗവർണ്ണർ 2010-ലെ കണ്ണൻദേവൻ ഹിൽസ് (നിശ്ചിതഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ഓർഡിനൻസ് (2010-ലെ 30) വിളംബരപ്പെടുത്തുകയും ആയത് 2010 ജൂൺ 14-ാം തീയതിയിലെ 1343-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ പാട്ടക്കാരൻ കൈവശാവകാശം സ്വായത്തമാക്കിയ തീയതി മുതൽ സർക്കാർ വീണ്ടെടുക്കൽ വഴി ഏറ്റെടുക്കുന്ന തീയതിവരെ പാട്ടക്കാരൻ നടത്തിയിട്ടുള്ള ദേഹണ്ഡങ്ങൾക്കും ഏതെങ്കിലും ആളിന് സിദ്ധിച്ചിരിക്കാവുന്ന അവകാശബന്ധത്തിന്റെ മൂല്യത്തിനും തുല്യമായ ഒരു തുക അങ്ങനെയുള്ള ആളിന് നഷ്ടപരിഹാരമായി സർക്കാർ നൽകേണ്ടതാണെന്ന് ബില്ലിലെ 5-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

സർക്കാർ വീണ്ടെടുക്കൽ വഴി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന കണ്ണൻ ദേവൻ ഹിൽസിലെ 1073.50 ഏക്കർ ഭൂമിയിൽ കെട്ടിടങ്ങളും മറ്റു നിർമ്മാണങ്ങളും കൃഷികളും നിലവിലുണ്ട്. അവയുടെ കൃത്യമായ മൂല്യം ഇപ്പോൾ കണക്കാക്കാൻ കഴിയുന്നതല്ല. എന്നിരുന്നാലും നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവുവരുന്ന തുക ഏകദേശം 5.00 കോടി രൂപ ആയിരിക്കുമെന്ന് കണക്കാക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ഗസറ്റ് വിജ്ഞാപനംമൂലം ജില്ലാ കളക്ടറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 2 (എ) ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

2. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിൽ ഏതെങ്കിലും ആളിന് സിദ്ധിച്ചിരിക്കുന്ന ഏതെങ്കിലും അവകാശബന്ധത്തിന്റെ മൂല്യം കണക്കാക്കുന്ന രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 5-ാം ഖണ്ഡം (2) (സി) ഉപഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

3. ഗസറ്റ് വിജ്ഞാപനം വഴി, നഷ്ടപരിഹാരം നൽകുന്നതിന് ലാന്റ് റവന്യൂ ഡെപ്യൂട്ടി കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നഷ്ടപരിഹാരം നൽകുന്നതിനുള്ള കമ്മീഷണറായി നിയമിക്കുന്നതിന് സർക്കാരിന് അധികാരം നൽകാൻ ബില്ലിലെ 6-ാം ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

4. 7-ാം ഖണ്ഡപ്രകാരം നഷ്ടപരിഹാരത്തുക നൽകേണ്ട രീതി നിർണ്ണയിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നതിന് ബില്ലിലെ 7-ാം ഖണ്ഡം (2)-ാം ഉപഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

5. കമ്മീഷണർക്ക് 7 (3) ഖണ്ഡത്തിലെ (എ) മുതൽ (സി) വരെ ഇനങ്ങളിൽ പറഞ്ഞവയൊഴികെ മറ്റേതെല്ലാം കാര്യങ്ങളെ സംബന്ധിച്ച് സിവിൽ കോടതിക്കുള്ള

അതേ അധികാരങ്ങൾ ഉണ്ടായിരിക്കുമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാര പ്പെടുത്താൻ ബില്ലിലെ 7-ാം ഖണ്ഡം (3)-ാം ഉപഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

6. ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ടു വർഷത്തിനുള്ളിൽ അതിലെ വ്യവസ്ഥ കൾക്ക് പ്രാബല്യം നൽകുന്നതിൽ ഉണ്ടാകുന്ന എന്തെങ്കിലും വൈഷമ്യം, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാതെ, ഉത്തരവുമൂലം നീക്കം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 13-ാം ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

7. ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്റ്റിന്റെ ഉദ്ദേശം നടപ്പിൽ വരുത്തുന്നതിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 14-ാം ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

8. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ഉത്തരവുകളും വിജ്ഞാപനങ്ങളും പുറ പ്പെടുവിക്കുവാനും ചട്ടങ്ങൾ ഉണ്ടാക്കുവാനും അധികാരപ്പെടുത്തിയിട്ടുള്ളത് അവയെല്ലാം നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടി യവയും ആകുന്നു. മാത്രമല്ല ചട്ടങ്ങൾ ഉണ്ടാക്കിയശേഷം നിയമസഭയുടെ സൂക്ഷ്മപരി ശോധനയ്ക്ക് അവ വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. പി. രാജേന്ദ്രൻ